2020-21 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും മരണം സംഭവിച്ചവർക്കും 72,85,281, രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) ഈ ഇനത്തിൽ ജില്ലയിൽ കുടിശ്ശിക എന്തെങ്കിലും നൽകാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നൽകാനുണ്ട്. കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലം മരണപ്പെട്ട 12 പേരുടെ ആശ്രിതർക്ക് 15,00,000 രൂപയും, പരിക്ക് പറ്റിയ 44 പേർക്ക് 12,00,000 രൂപയും, കൃഷിനാശം സംഭവിച്ച 276 അപേക്ഷകർക്ക് 16,50,000 രൂപയും കുടിശ്ശികയായി നൽകാനുണ്ട്.

(ഡി) വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇപ്പോൾ നൽകിവരുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ)17/2018/വനം എന്ന ഉത്തരവുപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം ഇന്ത്യയിൽത്തന്നെ ഏറ്റവും ഉയർന്ന നിരക്കിലുള്ളതാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരം 8-1-2015-ലെ സ.ഉ.നമ്പർ (കെ) 2/2015/വനം എന്ന ഉത്തരവ് പ്രകാരമാണ്. ഈ നിരക്ക് ഉയർത്തണമെന്ന് വിവിധ കർഷക സംഘടനകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൃഷി വകുപ്പുമായി ചേർന്ന് ഒരു ഏകീകൃത സംവിധാനം കൊണ്ടുവരുന്നതിനും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ ജലസംരക്ഷണ പ്രവൃത്തികൾ

154(2190) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ ജലസംരക്ഷണ പ്രവൃത്തികൾ ഏതെല്ലാം; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) കോഴിക്കോട് ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ ജലസംരക്ഷണ പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ

155(2191) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുവാൻവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള നേര്യമംഗലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പമ്പ്ഹൗസ് സ്ഥാപിച്ച് 50 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് ജലം പമ്പ് ചെയ്ത് പൈപ്പിലൂടെ 1.50 കി.മീ. ദൂരം എത്തിച്ചശേഷം നിലവിലുള്ള പേരക്കുത്ത് തോടിലൂടെയും കോതമംഗലം പുഴയിലൂടെയും ഒഴുക്കി കോഴിപ്പിള്ളി പമ്പ് ഹൗസിൽ എത്തിക്കുന്നതായിരുന്നു ആവോലിച്ചാൽ പദ്ധതി. എന്നാൽ പിന്നീട് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖാന്തരം കോതമംഗലം പുഴയിൽ ആവശ്യത്തിന് വെള്ളം ലഭിച്ചതിനാൽ തുടക്കത്തിൽത്തന്നെ ടി പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്. നിലവിൽ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണത്തിനായി 10.70 കോടി രൂപയുടെ ഡി.പി.ആർ. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പുനർസമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി യഥാക്രമം 3.86, 4.65, 1.04 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) പദ്ധതിയുടെ അടങ്കൽ തുക 10 കോടി രൂപയ്ക്കുമുകളിലായതിനാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ പുനഃസമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly